## വേദം

***അർത്ഥം:*** എണ്ണുക= കരുതുക/ ഒട്ടാകെ= മുഴുവൻ/ പകരുക= വിളമ്പുക/ വടക്കിനി മുറ്റം= നാലുകെട്ടിൻെറ വടക്കേ മുറ്റം/ കലമ്പുക= കോപിക്കുക// ആംഗലവാഴ്ച= ഇംഗ്ലീഷ്ഭരണം/ കാപട്യം= കള്ളത്തരം/ യജ്ഞം= യാഗം, പൂജ/ കെടുതി= നാശം/ പൈയ്ക്കുന്ന= വിശക്കുന്ന

***പര്യായപദങ്ങൾ:*** ചോറ്: അന്നം, ഓദനം/ മുഖം: ആനനം, വദനം/ മുറ്റം: അങ്കണം, ചത്വരം/ വീട്: ആലയം, ഭവനം/ യുദ്ധം: രണം, ആഹവം/ വെള്ളം: ജലം, സലിലം/ വിശപ്പ്: ക്ഷുത്ത്, അശനായ

***നാനാർത്ഥം:*** വട്ടം=തവണ, വൃത്തം/ പാത്രം= ശരീരം, കഥയിൽ പ്രത്യക്ഷപ്പെടുന്ന ആൾ/ നടിക്കുക= അഭിനയിക്കുക, ഭാവിക്കുക ഇര= ഭക്ഷണം, വിര

***അർത്ഥവ്യത്യാസം :*** 1. ദേഹം=ശരീരം ദേഹി= ആത്മാവ്/ 2. പാത്രം= കഥയിൽ പ്രത്യക്ഷപ്പെടുന്ന ആൾ പത്രം= രേഖ, വർത്തമാനപ്പത്രം/ 3. പാവം= സാധു പാപം= അധർമ്മം/ 4. വേദം= ദൈവവചനം വാദം=തർക്കം

***വിപരീതപദം :*** മുൻപിൽ X പിൻപിൽ/കറുപ്പ് X വെളുപ്പ്/കുറച്ച് X കൂടുതൽ/നെടിയ X കുറിയ

***വാക്യത്തിൽ പ്രയോഗിക്കുക***

1. മുഖം കറുപ്പിക്കുക: ഞാൻ ആവശ്യമില്ലാതെ ഓരോന്നു പറഞ്ഞപ്പോൾ അദ്ധ്യാപകൻ മുഖം കറുപ്പിച്ചു
2. വെന്തെരിയുക : മനസ്സിൽ വെന്തെരിഞ്ഞ കുറ്റബോധം പശ്ചാത്താപത്താൽ കഴുകിക്കളഞ്ഞു.

***പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക:*** കറിയില്ല= കറി+ ഇല്ല= ആഗമസന്ധി/ മീനില്ല= മീൻ+ഇല്ല= ആദേശസന്ധി/ ചോറ്റുപാത്രം= ചോറ്+പാത്രം= ദ്വിത്വസന്ധി/ കുറച്ചല്ല= കുറച്ച്+അല്ല= ലോപസന്ധി/ ആൾക്കൂട്ടം= ആൾ+കൂട്ടം= ദ്വിത്വസന്ധി/ ഇക്കണ്ട= ഇ+കണ്ട= ദ്വിത്വസന്ധി/ ഓതിനേൻ= ഓതി+ഏൻ= ആഗമസന്ധി

***വിഗ്രഹിച്ചെഴുതുക***

ചോറ്റുപാത്രം= ചോറ് കൊണ്ടുപോകുന്നതിനുള്ള പാത്രം / ആൾക്കൂട്ടം = ആളുകളുടെ കൂട്ടം / യുദ്ധക്കെടുതി= യുദ്ധം മൂലമുള്ള കെടുതി / ഉണ്ണാവ്രതം= ഉണ്ണാതെ അനുഷ്ഠിക്കുന്ന വ്രതം/ മീൻകറി= മീൻ കൊണ്ട് ഉണ്ടാക്കിയ കറി/

***ഉത്തരം എഴുതുക***

1. എന്തിനാണ് കുട്ടി ചോറിനു മുമ്പിൽ മുഖം കറുപ്പിച്ചിരുന്നത്?

   ഉപ്പേരി, കറി, മീൻ, പപ്പടം എന്നിവയൊന്നും ഇല്ലാത്തതിനാലാണ് കുട്ടി ചോറിനു മുമ്പിൽ മുഖം കറുപ്പിച്ചിരുന്നത്.

2. കുട്ടിയെ വീട്ടുകാർ എങ്ങനെയാണ് കരുതിയിരുന്നത്?

ഉണ്ണാൻ തുടങ്ങിയാൽ വിണ്ണുന്ന ഉണ്ണിയായിട്ടാണ് കുട്ടിയെ വീട്ടുകാർ കരുതിയിരുന്നത്.

3. 'അപ്പോൾ ഞാൻ കണ്ടു.' എന്താണ് കുട്ടി കണ്ടത്?

പാവങ്ങളായ തൻെറ അയൽക്കാർ വീടിൻെറ വടക്കിനി മുറ്റത്ത് കൂടിയിരിക്കുന്നതും ഉമ്മ അവർക്കെല്ലാം കഞ്ഞി വിളമ്പിക്കൊടുക്കുന്നതുമാണ് കുട്ടി കണ്ടത്.

4. 'നീറുമെന്നുള്ളം കുറുകി.' എന്താണ് കുട്ടിയുടെ മനസ്സ് പറഞ്ഞത്?

പട്ടിണിക്കെടുതിയിൽ നീറുന്നവർ വറ്റില്ലാക്കഞ്ഞിക്ക് വലയുമ്പോൾ പഴയരിയുടെ ചോറ് തനിക്ക് വേണ്ടുവോളം ഉണ്ടല്ലോ എന്നാണ് കുട്ടിയുടെ മനസ്സ് പറഞ്ഞത്.

5. ഉമ്മ വിതുമ്പിക്കൊണ്ട് എന്തുപദേശമാണ് കുട്ടിക്കു നൽകിയത്.?

'ഏത് അറിഞ്ഞാൽ മറ്റെല്ലാമറിയാമോ ആ വേദം വിശപ്പാണെന്നു മനസ്സിലാക്കിയാൽ, വിശക്കുന്ന വയറിന് ഭക്ഷണം തേടി വാടുന്ന പാവത്തിൽ പടച്ചവനെ കാണാം' എന്ന ഉപദേശമാണ് ഉമ്മ കുട്ടിക്കു നൽകിയത്.

***